


# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

## 14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


14 പുതിയ ലോകത്തിൽ പുതിയ ഇന്ത്യ . . . . . . . . 1

1 ഒത്തുതീർപ്പിന്റെ പരിമിതികൾ . . . . 2

2 സ്വതന്ത്രമായ വിദേശനയം . . . . . . . 3

3 ആഭ്യന്തരരംഗത്തിലെ മാറ്റങ്ങൾ . . . 4

4 സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയിലേയ്ക്ക് . . . . . . . . . . . 5

# 14

## പുതിയ ലോകത്തിൽ പുതിയ ഇന്ത്യ

ബ്രിട്ടീഷുഗവൺമെന്റിന്ന് ഹൃദയ പരിവർത്തനമുണ്ടായതുകൊണ്ടാണ് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചത് എന്നു ചിലർ പറയാറുണ്ട്. വെറും അസംബന്ധമാണിത്. സാമ്രാജ്യാധിപത്യത്തിന്ന് ഹൃദയമേ ഇല്ലെന്നുള്ളതാണ് വാസ്തവം. ജനകീയ ശക്തികളുടെ തടുക്കാനാവാത്ത മുന്നേറ്റത്തെ നേരിടാനാവാതെ ഇന്ത്യയുടെ ഭരണാധികാരം ഇന്ത്യക്കാർക്കുതന്നെ വിട്ടുകൊടുക്കാൻ ബ്രിട്ടീഷുമേധാവികൾ നിർബ്ബദ്ധരാവുകയാണുണ്ടായത്.

യഥാർഥത്തിൽ, 1947 ആഗസ്റ്റ് 15-ാം തീയതിത്തെ അധികാരക്കൈമാറ്റത്തിന്റെ പിന്നിൽ മുഖ്യമായ മൂന്നു വസ്തുതകൾ ഒളിഞ്ഞുകിടപ്പുണ്ടെന്നു കാണാം:

1. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നു പൊതുകുഴപ്പം മൂർച്ഛിച്ചതിന്റെ ഫലമായി, ലോകമുതലാളിത്തത്തിന്നു പൊതുവിലും ബ്രിട്ടീഷുസാമ്രാജ്യാധിപത്യത്തിന്നു പ്രത്യേകിച്ചും, നേരിട്ട ക്ഷീണവും ദൗർബ്ബല്യവും. പഴയ മട്ടിൽ ചൂഷണം തുടരാൻ ബ്രിട്ടീഷുകോളണിമേധാവികൾക്കു സാദ്ധ്യമല്ലെന്ന സ്ഥിതിയുളവായി.
2. രണ്ടാം ലോകമഹായുദ്ധംവരെ പൊതുവിലും, അതിന്നുശേഷം പ്രത്യേകിച്ചും, ശക്തിപ്പെട്ട ഇന്ത്യയുടെ സാമ്രാജ്യവിരോധ-ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം. പഴയമട്ടിൽ അടിമകളായി ജീവിയ്ക്കാൻ ഇന്ത്യൻ ജനത ഇനിയൊട്ടും തയ്യാറില്ലെന്ന സ്ഥിതിയുളവായി.
3. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഇന്ത്യയിലെ ബൂർഷ്വാവർഗ്ഗം കരസ്ഥമാക്കിയ നേതൃത്വം. തൊഴിലാളിവർഗ്ഗം സാമ്രാജ്യവിരോധപ്രസ്ഥാനത്തിൽ സജീവവും സ്വതന്ത്രവുമായ പങ്കുവഹിയ്ക്കുകയും അങ്ങിനെ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സഹായിയ്ക്കുകയും ചെയ്തുവെങ്കിലും അവർക്ക് ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽനിന്ന് ബൂർഷ്വാസിയേയും അവരുടെ പാർട്ടിയായ കോൺഗ്രസ്സിനേയും തട്ടിനീക്കാനും സ്വന്തം നേതൃത്വമുറപ്പിയ്ക്കാനും സാധിച്ചില്ല. അതിൻഫലമായി, തൊഴിലാളികർഷകബഹുജനപ്രസ്ഥാനങ്ങളുടെ മുന്നേറ്റം കണ്ടു പേടിച്ച ബൂർഷ്വാസിയ്ക്ക് ജനങ്ങളുടെ വലിയൊരു വിഭാഗത്തിന്നിടയിൽ സ്വന്തം സ്വാധീനശക്തി നിലനിർത്താനും ആ സ്വാധീനശക്തിയുപയോഗിച്ചുകൊണ്ട് ബ്രിട്ടീഷുസാമ്രാജ്യവാദികളുമായി സന്ധിചെയ്യാനും സാധിയ്ക്കുമെന്ന സ്ഥിതിയുളവായി.

## 1 ഒത്തുതീർപ്പിന്റെ പരിമിതികൾ

ഈ സ്ഥിതിവിശേഷങ്ങളുടെ ഫലമായിട്ടാണ്, ബ്രിട്ടീഷുഭരണാധികാരികളും കോൺഗ്രസ്സുനേതാക്കന്മാരും തമ്മിലുണ്ടായ ഒരൊത്തുതീർപ്പിലൂടെ, ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയത്. ഈ സ്ഥിതിവിശേഷങ്ങൾ തന്നെയാണ് ആ ഒത്തുതീർപ്പ് വ്യവസ്ഥകളുടെ സ്വഭാവവിശേഷങ്ങളെ നിർണ്ണയിച്ചതും.

ഒത്തുതീർപ്പുകളുടെ ഫലമായി, ദൽഹിയുടെ ഒത്തനടുവിൽ, ഇന്ത്യയുടെ അടിമത്തത്തിന്റേയും പരാധീനതയുടേയും ചിഹ്നമെന്നോണം തലയുയർത്തി നിന്നിരുന്ന ബ്രിട്ടീഷുപതാക നീക്കം ചെയ്യപ്പെട്ടു. അതിന്റെ സ്ഥാനത്ത് ഇന്ത്യയുടെ ദേശീയക്കൊടി പാറിപ്പറക്കാൻ തുടങ്ങി. ഇന്ത്യയുടെ ഭരണാധികാരം ബ്രിട്ടീഷുപാർലിമെണ്ടിൽനിന്ന് ഇന്ത്യക്കാരുടെ കൈകളിലേയ്ക്ക് മാറ്റപ്പെട്ടു എന്നതിന്റെ സൂചനയായിരുന്നു അത്.

ബ്രിട്ടീഷുദ്യോഗസ്ഥന്മാർപോയി; ബ്രിട്ടീഷുപട്ടാളംപോയി; ബ്രിട്ടീഷുഭരണംപോയി. പക്ഷേ, ബ്രിട്ടീഷുമൂലധനം പോയില്ല. ഇന്ത്യയിലെ വൻകിടമുതലാളികളുടേയും നാട്ടുവാഴി രാജാക്കന്മാരുടേയും പിൻബലത്തോടുകൂടി ബ്രിട്ടീഷു സ്ഥാപിതതാല്പര്യങ്ങൾ പിന്നേയും നിലനിന്നു. വാസ്തവത്തിൽ, പുതിയ സാർവ്വദേശീയ പരിത:സ്ഥിതിയിൽ, ഇന്ത്യയിൽ തങ്ങളുടെ സാമ്പത്തിക മേധാവിത്വം നിലനിർത്താനുള്ള ഒരു പോംവഴിയെന്ന നിലയ്ക്കാണ് ബ്രിട്ടീഷുഭരണാധികാരികൾ കോൺഗ്രസ്സുമേധാവികളുമായി ഒത്തുതീർപ്പിന്നു തയ്യാറായത്.

ബ്രിട്ടീഷുകുത്തകമുതലാളികളും ഇന്ത്യയിലെ നാട്ടുവാഴി വൻകിടമുതലാളികളും തമ്മിലുണ്ടായ ഒരു കൂട്ടുകെട്ടിന്റെ സന്തതിയായിരുന്നു ആ ഒത്തുതീർപ്പ്.

## 2 സ്വതന്ത്രമായ വിദേശനയം

പക്ഷേ, മറ്റെല്ലാ കൂട്ടുകെട്ടുകളുമെന്നപോലെ ഈ കൂട്ടുകെട്ടും യാതൊരു മാറ്റവുമില്ലാതെ, സ്ഥിരമായി, നില്ക്കുകയുണ്ടായില്ല. കൂട്ടുകെട്ടിലെ ഓരോ പങ്കാളിയും മറ്റുള്ളവരുടെ ചിലവിൽ തന്റെ സ്വന്തം ശക്തി വർദ്ധിപ്പിയ്ക്കാൻ ശ്രമിച്ചു. അങ്ങിനെ കൂട്ടുകെട്ടിനുള്ളിലെ വൈരുദ്ധ്യങ്ങൾ വളർന്നുവന്നു. വർഗ്ഗങ്ങളുടെ ബലാബലത്തിൽ മാറ്റങ്ങളുണ്ടായി. എന്നുവെച്ചാൽ, സാമ്രാജ്യശക്തികളും ഇന്ത്യയും തമ്മിലുള്ള മത്സരത്തിന്റെ ഗതി ഇന്ത്യയ്ക്കനുകൂലമായി മാറി. 1950-ൽ ഇന്ത്യ പരമാധികാരമുള്ള ഒരു സ്വതന്ത്രറിപ്പബ്ലിക്കായി പ്രഖ്യാപിയ്ക്കപ്പെട്ടു. വിദേശ കാര്യങ്ങളിലെന്നപോലെത്തന്നെ ആഭ്യന്തരകാര്യങ്ങളിലും ഇന്ത്യാ ഗവൺമെന്റ് അധികമധികം സ്വതന്ത്രങ്ങളായ നിലപാടുകളെടുക്കാൻ തുടങ്ങി.

വിദേശനയത്തിന്റെ രംഗത്തിൽ ആദ്യമൊക്കെ മിക്കവാറും സാമ്രാജ്യവാദികൾക്കനുകൂലമായ ഒരു നയമാണ് ഇന്ത്യാഗവൺമെന്റ് കൈക്കൊണ്ടിരുന്നത്. ബ്രിട്ടീഷ്മേധാവികളുമായുണ്ടായ ഒത്തുതീർപ്പിന്റേയു ബ്രിട്ടീഷ്കോമൺവെൽത്തുമായുള്ള ബന്ധത്തിന്റേയും അനിവാര്യഫലമായിരുന്നു അത്. അങ്ങിനെ മലയയിലെ ജനങ്ങളെ കശാപ്പുചെയ്യാൻവേണ്ടി ഗൂർക്കാപട്ടാളങ്ങളെ അയച്ചുകൊടുക്കുന്നതിന്ന് ഇന്ത്യയുടെ ഭൂമിയും ആകാശവും ഉപയോഗിയ്ക്കപ്പെട്ടു. അമേരിക്കൻ ചാരന്മാർക്ക് ഇന്ത്യയിലെങ്ങും ഇഷ്ടംപോലെ അലഞ്ഞുതിരിയാനും ഇന്ത്യയുടെ മർമ്മസ്ഥാനങ്ങളുടെ അന്തർഭാഗങ്ങളിലേയ്ക്കു കടന്നുചെല്ലാനും സൗകര്യം നൽകപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിൽ ജനാധിപത്യ കൊറിയ ആക്രമിയ്ക്കപ്പെട്ടപ്പോൾ പണ്ഡിറ്റ് നെഹ്റുവിന്റെ ഗവൺമന്റ് അക്രമികൾക്കനുകൂലമായി കൈപൊക്കി. അമേരിക്കയുടെ ജനാധിപത്യത്തിൽ ഇന്ത്യൻ ഭരണാധികാരികൾക്ക് വലിയ വിശ്വാസമുണ്ടായിരുന്ന കാലമായിരുന്നു അത്.

പക്ഷേ, ക്ഷണത്തിൽ സ്ഥിതിയാകെ മാറി. ഒരു കൊച്ചുരാജ്യമായ വടക്കൻ കൊറിയയുടെ തടുക്കാൻ കഴിയാത്ത ചവിട്ടുകളേറ്റ് തിരിച്ചോടിപ്പോയ മെക്കാർതർ കൂട്ടാളികളും ദിൻബിൻ ഫൂവിൽ അമേരിക്കയുടെ പിൻബലമുള്ള ഫ്രഞ്ചുസാമ്രാജ്യമേധാവികൾക്കു നേരിട്ട പരാജയവും സാമ്രാജ്യവാദികളുടെ ശക്തി അജയ്യമല്ലെന്നു വിളിച്ചുപറഞ്ഞു. അമേരിക്കൻ സാമ്രാജ്യവാദികൾ കാശ്മീരിൽ നടത്തിയ കുത്തിത്തിരിപ്പുകളും ഇന്ത്യയ്ക്കു ചുറ്റും, പ്രത്യേകിച്ചും പാക്കിസ്ഥാനിൽ, പട്ടാളത്താവളങ്ങൾ നിർമ്മിയ്ക്കാനെടുത്ത നടപടികളും ഇന്ത്യയുടെ പരമാധികാരത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമിട്ടു. അമേരിക്കൻ സഹായം അടിമത്തത്തിലേയ്ക്കും യുദ്ധത്തിലേയ്ക്കുമുള്ള ഒരു ചൂണ്ടലാണെന്ന് പാക്കിസ്ഥാന്റെ അനുഭവം തെളിയിച്ചു.

ഇന്ത്യയിൽ അമേരിക്കയുടെ സ്വാധീനശക്തി കുറയാൻ തുടങ്ങി. അതേസമയത്ത് സോഷ്യലിസ്റ്റ് ചേരിയുടെ, പ്രത്യേകിച്ചും ജനകീയചൈനയുടെ, സ്വാധീനശക്തി വർദ്ധിയ്ക്കാനും തുടങ്ങി. ഇന്ത്യാഗവൺമെന്റ് മെല്ലെമെല്ലെ യുദ്ധച്ചേരിയുടെ സ്വാധീനശക്തിയിൽനിന്നു സ്വതന്ത്രവും ഇന്ത്യൻജനതയുടെ താല്പര്യങ്ങൾക്കനുകൂലവുമായ ഒരു വിദേശനയം സ്വീകരിച്ചു. ആദ്യമൊക്കെ സാർവ്വദേശീയ കാര്യങ്ങളിൽ ഒരുതരം നിഷ്പക്ഷതാനയമാണ് ഇന്ത്യാ ഗവൺമെന്റ് കൈക്കൊണ്ടിരുന്നത്. പക്ഷേ, സമാധാനത്തിനും, യുദ്ധത്തിനുമിടയിൽ നിഷ്പക്ഷതയില്ലെന്ന് അതിവേഗം വ്യക്തമായി. സാർവ്വദേശീയസംഭവവികാസങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി ഇന്ത്യ അധികമധികം സമാധാനത്തിന്റെ ഭാഗത്തേയ്ക്കു നീങ്ങാൻതുടങ്ങി. കോളണിമേധാവികളും യുദ്ധക്കൊതിയന്മാരും അധികമധികം ഒറ്റപ്പെടാൻ തുടങ്ങി. ഇന്ത്യയുടെ സ്വതന്ത്രമായ സമാധാനനയം സാർവ്വദേശീയരംഗങ്ങളിൽ അതിപ്രധാനമായ പങ്കു വഹിക്കാൻ തുടങ്ങി. അങ്ങിനെ, ഇന്ത്യയുടെ സാർവ്വദേശീയമായ അന്തസ്സ് അനുദിനം കുടിക്കൂടിവന്നു.

## 3 ആഭ്യന്തരരംഗത്തിലെ മാറ്റങ്ങൾ

സോഷ്യലിസ്റ്റ്ചേരിയുടേയും മുതലാളിത്ത ചേരിയുടേയും ബലാബലത്തിലുണ്ടായ ഈ മാറ്റങ്ങൾ ഇന്ത്യയുടെ വിദേശനയത്തിന്റെ രംഗത്തിൽ മാത്രമല്ല, ആഭ്യന്തരകാര്യങ്ങളുടെ രംഗത്തിലും പ്രതിഫലിച്ചു.

രണ്ടു നൂറ്റാണ്ടുകളോളം നിലനിന്ന തങ്ങളുടെ മേധാവിത്വമുപയോഗിച്ചുകൊണ്ട് ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിയെ തടഞ്ഞുനിർത്തുകയും കാർഷികവ്യവസ്ഥയെ താറുമാറാക്കുകയും അങ്ങിനെ സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ഇന്ത്യയെ ഒരു പിന്നണിരാജ്യമായി അധഃപതിപ്പിയ്ക്കുകയുമാണ് ബ്രിട്ടീഷുമുതലാളികൾ ചെയ്തത്. അവരുടെ ഭരണത്തിൻകീഴിൽ ആധുനികരീതിയിലുള്ള ചില വ്യവസായങ്ങൾ സ്ഥാപിയ്ക്കപ്പെടുകയുണ്ടായി എന്നതു ശരിയാണ്. പക്ഷേ, ബ്രിട്ടീഷുമൂലധനവുമായി കൂട്ടിക്കെട്ടിനിർത്താൻ പറ്റിയ തരത്തിലാണ് അവ വളർത്തപ്പെട്ടത്. വ്യവസായവൽക്കരണത്തിന്റെ അടിത്തറയായ യന്ത്രോൽപ്പാദനവ്യവസായങ്ങളുടെ വളർച്ച ബലാൽക്കാരമായി തടഞ്ഞുനിർത്തപ്പെട്ടു. ഉൽപ്പാദനത്തിന്നാവശ്യമായ യന്ത്രോപകരണങ്ങൾ ബ്രിട്ടനിൽനിന്ന് ഇറക്കുമതി ചെയ്യണമെന്നും അങ്ങിനെ ഇന്ത്യയുടെ വ്യവസായങ്ങൾ പരിപൂർണ്ണമായും ബ്രിട്ടീഷു വ്യവസായത്തിന്നു കീഴ്പ്പെട്ടു കിടക്കണമെന്നുമുള്ള ഒരു സ്ഥിതിയാണ് ഇന്ത്യയ്ക്കുണ്ടായിരുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, സ്വതന്ത്രമായ ഒരു സാമ്പത്തികനയം കൈക്കൊള്ളാനോ വ്യവസായവൽക്കരണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനോ, ഇന്ത്യയ്ക്കു സാധിച്ചിരുന്നില്ല. അതുകൊണ്ടാണ് ഇന്ത്യ ഒരു പിന്നണിരാജ്യമായി നിലനിന്നുപോന്നത്.

1947-ൽ ഇന്ത്യ സ്വതന്ത്ര്യയായതോടുകൂടി ഈ സ്ഥിതിയിലൊരു മാറ്റം വന്നു. സാമ്പത്തികരംഗത്തിലുള്ള പരാധീനതയവസാനിപ്പിയ്ക്കാനും യഥാർത്ഥമായ വ്യവസായവൽക്കരണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും പറ്റിയ പരിതഃസ്ഥിതികൾ ഉയർന്നുവന്നു. ഇന്ത്യയുടെ മർമ്മസ്ഥാനങ്ങളെ ഞെക്കിഞെരിയ്ക്കുന്ന ബ്രിട്ടീഷുമൂലധനം കണ്ടുകെട്ടുകയും നാടുവാഴി ജന്മിമേധാവിത്വത്തിന്ന് ഒരറുതിവരുത്തുകയും ചെയ്തുകൊണ്ട് നമ്മുടെ രാജ്യത്തെ വ്യാവസായികമായും കാർഷികമായും സാംസ്കാരികമായും വളർത്താനുള്ള സാധ്യതകളുളവായി. എന്നാൽ, ഈ സാദ്ധ്യതകളേയും പരിതഃസ്ഥിതികളേയും വേണ്ടപോലെ ഉപയോഗിക്കാൻ, പ്രത്യേകിച്ചും ആദ്യകാലത്ത്, നമ്മുടെ ഭരണാധികാരികൾ തയ്യാറായില്ല. നേരെമറിച്ച്, ബ്രിട്ടീഷുകുത്തക മുതലാളികളുമായുള്ള കൂട്ടുകെട്ടുകൾ നിലനിർത്തിക്കൊണ്ടുതന്നെ വ്യവസായവൽക്കരണം നടപ്പിൽ വരുത്താനാണ് അവരാഗ്രഹിച്ചത്. ഈ നയം നിസ്സംശയമായും ഇന്ത്യയുടെ താല്പര്യങ്ങൾക്കെതിരായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും വ്യവസായവൽക്കരണത്തിലൂടെ ഇന്ത്യയിലൊരു സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയല്ല, മറിച്ച്, വൻകിടവ്യവസായങ്ങൾ ഇന്ത്യയുടെ പരിതഃസ്ഥിതികൾക്കു പറ്റിയവയല്ലെന്നും ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളിലും കൃഷിയിലും മാത്രമേ ഇന്ത്യ ശ്രദ്ധിയ്ക്കാൻ പാടുള്ളു എന്നും നിഷ്കർഷിയ്ക്കുകയാണ് സാമ്രാജ്യമേധാവികൾ ചെയ്തത്. സ്വന്തം സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻവേണ്ടി ഇന്ത്യയുടെ സ്വതന്ത്രമായ സാമ്പത്തികപുരോഗതിയെ തടഞ്ഞുനിർത്തുകയാണവർ ചെയ്തത്.

ഈ നയത്തിന്റെ ഫലമെന്തായിരുന്നു? ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായതിന്നുശേഷവും വിദേശമൂലധനത്തിന്റെ മരണപ്പിടുത്തത്തിന്ന് അയവുവരികയല്ല, മുറുക്കം കൂടുകയാണുണ്ടായത്. സാമ്രാജ്യമേധാവിത്വത്തിന്റെ ചൂഷണവും കൊള്ളയും കുറയുകയല്ല വർദ്ധിയ്ക്കുകയാണ് ചെയ്തത്. ഉൽപാദനബന്ധങ്ങളിൽ മൗലികമായ മാറ്റങ്ങളുണ്ടായില്ല. ഇന്ത്യയുടെ പിന്നോക്കനിലയവസാനിച്ചില്ല. വ്യാവസായികമായ അരാജകത്വവും തൊഴിലില്ലായ്മയും വർദ്ധിച്ചു. ഇന്ത്യൻ മുതലാളികൾക്കിടയിൽപ്പോലും അസംതൃപ്തി പരന്നുപിടിച്ചു. ഇതിന്റെയെല്ലാം ഫലമായി ഇന്ത്യയും സാമ്രാജ്യമേധാവിത്വവും തമ്മിലുള്ള വൈരുധ്യങ്ങൾ കൂടുതൽ മൂർച്ഛിച്ചു.

# 4 സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയിലേയ്ക്ക്

പിന്നണിയിലുള്ള സ്വതന്ത്രരാജ്യങ്ങൾക്ക് വൻകിടസാമ്രാജ്യശക്തികളുടെ നയത്തെ എതിർക്കാൻ കഴിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമ്രാജ്യമേധാവികൾ ചവിട്ടുന്ന താളത്തിനൊത്തു തുള്ളാൻ അവ നിർബ്ബന്ധിയ്ക്കപ്പെട്ടിരുന്നു. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷമുള്ള സ്ഥിതി അതല്ല. ഈജിപ്ത്, സിറിയ തുടങ്ങിയ കൊച്ചുരാജ്യങ്ങൾക്കുപോലും, വേണമെങ്കിൽ, സാമ്രാജ്യശക്തികളുടെ കണ്ണുതട്ടലുകളെ ഭയപ്പെടാതെ സ്വതന്ത്രമായി തലയുയർത്തി നില്ക്കാൻ കഴിയുമെന്നായിട്ടുണ്ട്. ക്ഷയിച്ചുവരുന്ന ഒരു മുതലാളിത്തച്ചേരിയോടു തൊട്ടടുത്തായി സോവിയറ്റ്യൂനിയന്റേയും ജനകീയ ചൈനയുടേയും നേതൃത്വത്തിൽ അനുദിനം ശക്തിപ്പെട്ടു വരുന്ന ഒരു സോഷ്യലിസ്റ്റ് ചേരിയും നിലനില്ക്കുന്നുണ്ടെന്നുള്ളതാണ് ഇതിനുള്ള കാരണം. ലോകമുതലാളിത്തച്ചേരിയുടെ ശക്തി പൂർവ്വാധികം ക്ഷയിയ്ക്കുകയും സോഷ്യലിസ്റ്റ് ലോകമാർക്കറ്റിന്റെ സ്വാധീനശക്തി കൂടുതൽ പരന്നു പിടിയ്ക്കുകയും ചെയ്തുകഴിഞ്ഞ ഒരു ഘട്ടത്തിലാണ് ഇന്ത്യയുടെ ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളാരംഭിയ്ക്കുകയും ഇന്ത്യയും സാമ്രാജ്യശക്തികളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിയ്ക്കുകയും ചെയ്തത്. ഈ സ്ഥിതിവിശേഷങ്ങളാണ് പുതിയ വഴികളാരായാൻ ഇന്ത്യയെ പ്രേരിപ്പിച്ചത്. ഇന്ത്യയുടെ നേതാക്കന്മാർ സാമ്രാജ്യമേധാവികളുടെ ഉപദേശങ്ങൾക്കെതിരായി വൻകിട വ്യവസായസ്ഥാപനങ്ങൾ നിർമ്മിയ്ക്കേണ്ടതിന്റെ പ്രാധാന്യം അധികമധികം ചൂണ്ടിക്കാണിയ്ക്കാൻ തുടങ്ങി. മുതലാളിത്തച്ചേരിയുമായുള്ള എല്ലാത്തരം സാമ്പത്തിക ബന്ധങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ വളർന്നുവരുന്ന സോഷ്യലിസ്റ്റ് മാർക്കറ്റുമായി ബന്ധം സ്ഥാപിയ്ക്കാൻ ഇന്ത്യാഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിയ്ക്കാൻ തുടങ്ങി. സ്റ്റേറ്റുടമയിലും സ്റ്റേറ്റിന്റെ നിയന്ത്രണത്തിലുമുള്ള വൻകിട വ്യവസായങ്ങൾ സ്ഥാപിയ്ക്കുന്നതിനെപ്പറ്റിയും തൊഴിലില്ലായ്മയും പട്ടിണിയും അവസാനിപ്പിയ്ക്കുന്നതിനെപ്പറ്റിയും മാത്രമല്ല, ഇന്ത്യയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനെപ്പറ്റിയും കോൺഗ്രസ്സ് നേതാക്കന്മാർ പ്രസംഗിയ്ക്കാനും എഴുതാനും തുടങ്ങി.

ഈ പരിതഃസ്ഥിതിയിലാണ് ഇന്ത്യയുടെ ലക്ഷ്യം സോഷ്യലിസമാണ് എന്ന് ഔദ്യോഗികമായിത്തന്നെ പ്രഖ്യാപിയ്ക്കപ്പെട്ടത്.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10